**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3468 12/12/2014-ൽ മറുപടിയ്ക്ക്

# ജൈവകൃഷി വ്യാപനത്തിന് പ്രത്യേകമായി രൂപീകരിക്കപ്പെട്ട പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**<br>**ഡോ.ടി.എം.തോമസ് ഐസക്**<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |

| | | | |
|---|---|---|---|
| എ) | 2016 -ൽ കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) | ഉണ്ട്.<br>ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| ബി) | ജൈവകൃഷി വ്യാപനത്തിന് പ്രത്യേകമായി രൂപീകരിക്കപ്പെട്ട പദ്ധതിക്ക് തന്നാണ്ടിലെ ബജറ്റിൽ ഏത് ഹെഡ്ഡിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; അതിൽ ഇതിനകം ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ; | ബി) | 2401-00-105-85 എന്ന ഹെഡ്ഡിൽ 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 80.5 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചു. |
| സി) | സംസ്ഥാനത്ത് പ്രതിവർഷം ആവശ്യമായ മൊത്തം പച്ചക്കറികൾ എത്രയാണെന്ന് കണക്കാക്കുകയുണ്ടായിട്ടുണ്ടോ; ഇതിൽ സംസ്ഥാനത്തു നിന്ന് തന്നെ ഉദ്പാദിപ്പിക്കുന്നവ എത്രയാണ്; സംസ്ഥാനത്ത് ഉല്പ്പാദിപ്പിക്കുന്ന പച്ചക്കറികളിൽ ജൈവകൃഷിയിലൂടെയുള്ളവ എത്ര ശതമാനമായി കുറഞ്ഞു എന്ന് വ്യക്തമാക്കുമോ; | സി) | ഉണ്ട്.<br>2013-14 വർഷത്തിൽ സംസ്ഥാനത്ത് ആവശ്യമായിരുന്ന പച്ചക്കറിയുടെ അളവ് 25.74 ലക്ഷം ടൺ ആയിരുന്നു. 2013-14-ൽ സംസ്ഥാനത്ത് ഉല്പാദിപ്പിച്ച പച്ചക്കറിയുടെ അളവ് 11.91 ലക്ഷം ടൺ ആണ്. അതായത് നമുക്ക് ആവശ്യമായ പച്ചക്കറിയുടെ 46% മാത്രമാണ് 2013-14-ൽ സംസ്ഥാനത്ത് ഉല്പാദിപ്പിച്ചത്. സംസ്ഥാനത്ത് ജൈവ കൃഷിയിലൂടെയുള്ള പച്ചക്കറി ഉല്പാദനം കൂടുകയാണ് ഉണ്ടായിട്ടുള്ളത്. ജൈവ കൃഷിക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് 2012-13 മുതൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ജൈവകൃഷി ആസ്പദമാക്കിയുള്ള ലഘുലേഖകൾ, കൈ പുസ്തകങ്ങൾ എന്നിവ നൽകുന്നതിലൂടെയും ജൈവകൃഷിയുടെ പ്രാധാന്യം വ്യക്തമാക്കി കൊണ്ടുള്ള പരിശീലനങ്ങൾ നൽകുന്നതിലൂടെയും സുരക്ഷിതമായ പച്ചക്കറികൾ ഉല്പാദിപ്പിക്കേണ്ടത് സംബന്ധിച്ച അവബോധം കർഷകരിൽ വളർത്താൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടു തന്നെ ജൈവ രീതിയിലുള്ള കൃഷി വളരെയധികം വ്യാപകമായി കഴിഞ്ഞിട്ടുണ്ട്. |

ഡി) 2016 -ൽ സമ്പൂർണ്ണ ജൈവകൃഷി പ്രത്യേക പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പച്ചക്കറികൾ എത്ര ടൺ വീതം ഉല്പാദിപ്പിക്കുമെന്ന് വിശദമാക്കുമോ?

ഡി) സമ്പൂർണ്ണ ജൈവ കൃഷി പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നതേയുള്ളു. എത്ര ടൺ വീതം പച്ചക്കറികൾ ഉല്പാദിപ്പിക്കുമെന്ന് ആക്ഷൻ പ്ലാനിൽ തീരുമാനിക്കപ്പെടും.

**സെക്ഷൻ ഓഫീസർ**